# അക്കാദമിക മാസ്റ്റർപ്ലാൻ

## 2025 - 2026

## ST. GEORGE'S V.H.S.S.
## KAIPUZHA

KOTTAYAM (WEST)
KOTTAYAM



# അക്കാദമിക മാസ്റ്റർപ്ലാൻ

## St. George's V.H.S.S. Kaipuzha

**ഉള്ളടക്കം**


- ആമുഖം
- സ്കൂൾ ചരിത്രം
- Profile
- നിലവിലെ അവസ്ഥ
- അനുബന്ധ സംവിധാനം
- സാമൂഹ്യ പങ്കാളിത്തം
- Swot Analysis
- പൊതുലക്ഷ്യങ്ങൾ
- അക്കാദമികം
- വിലയിരുത്തൽ
- ഉപസംഹാരം

# ആമുഖം

## സ്കൂൾ ചരിത്രം

കോട്ടയം ജില്ലയിലെ കർഷകരും സാധാരണക്കാരും ഉൾപ്പെടുന്ന നീണ്ടൂർ പഞ്ചായത്തിൽ കൈപ്പുഴ പ്രദേശത്ത് സ്ഥിതിചെയ്യുന്ന സെന്റ് ജോർജ്ജ്സ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിന് നൂറ്റാണ്ടുകളുടെ ചരിത്രമുണ്ട്. വിദ്യാഭ്യാസം ഔപചാരികമാക്കണമെന്ന ആശയം പ്രബലമായപ്പോൾ 1890 ൽ സെന്റ് മാത്യൂസ് എൽ.പി. സ്കൂളും 1892 ൽ സെന്റ് മാർഗരറ്റ് സ്കൂളും ആരംഭിച്ചു. ഭാഗ്യസ്മരണാർഹനായ അഭിവന്ദ്യ ചൂളപ്പറമ്പിൽ പിതാവിന്റെ അനുഗ്രഹാശംസകളോടെ 1926ൽ സെന്റ് ജോർജ്ജ്സ് സ്കൂൾ ആരംഭിച്ചു. ശ്രീ. എം.സി. ചാക്കോ മാന്തുരുത്തിൽ ആദ്യമായി സ്കൂളിനെ നയിക്കാൻ നിയുക്തനായി. 1926 മെയ് 17 ന് പ്രിപ്പറേറ്ററി ക്ലാസ്സ് ആരംഭിക്കുകയും പിന്നീട് 1929 ന് ഒരു പൂർണ്ണ മിഡിൽ സ്കൂളായി ഉയർത്തുകയും ചെയ്തു. 1948 സെപ്തംബർ 12ന് ഈ വിദ്യാലയം ഹൈസ്കൂൾ ആയി ഉയർത്തപ്പെട്ടു. 1949 മെയ് 30 ന് മാർ തോമസ് തറയിൽ വിദ്യാലയത്തിന്റെ ഔദ്യോഗിക ഉദ്ഘാടനം നടത്തി. ഈ സ്കൂളിന്റെ പ്രഥമ പ്രധാനാദ്ധ്യാപകൻ റവ.ഫാ. കുര്യാക്കോസ് മ്യാലിൽ ആയിരുന്നു. 2000 ഡിസംബർ 18 ന് ഇത് വൊക്കേഷണൽ ഹയർ സെക്കണ്ടറിയായി ഉയർത്തപ്പെട്ടു.

കോട്ടയം അതിരൂപത കോർപ്പറേറ്റ് മാനേജ്മെന്റിൽ നിലനിൽക്കുന്ന ഈ സ്കൂൾ 2009 ൽ ശ്രീ. എം.സി. ചാക്കോ മാന്തുരുത്തിലിന്റെ സ്മരണാർത്ഥം പണികഴിപ്പിച്ച ആധുനിക സൗകര്യങ്ങളോടുകൂടിയ കെട്ടിട സമുച്ചയത്തിൽ 5 മുതൽ 12 വരെയുള്ള ക്ലാസ്സുകൾ പ്രവർത്തിച്ചുവരുന്നു. 1926ൽ ആരംഭിച്ച ഈ വിദ്യാലയം ഇന്ന് ശതാബ്ദിനിറവിലാണ്.

## PROFILE

Name of School : St. George's V.H.S.S. Kaipuzha

Phone No. : 8301049887

Sub District : Kottayam West

BRC : Kottayam

District : Kottayam

Name of HM : Sri. Binoy K.S.

Phone No. : 9446268658

Mail ID : stgeorgesvhss100@gmail.com

## നിലവിലെ അവസ്ഥ 2025 - 2026

| Std | B | G | T | SC | | | ST | | | OBC | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | B | G | T | B | G | T | B | G | T |
| V | 20 | 13 | 33 | 1 | 1 | 2 | - | - | - | 10 | 4 | 14 |
| VI | 11 | 14 | 25 | 1 | 1 | 2 | - | - | - | 7 | 7 | 14 |
| VII | 32 | 8 | 40 | 1 | 1 | 2 | 1 | - | 1 | 10 | 1 | 11 |
| VIII | 49 | 51 | 100 | 7 | 3 | 10 | - | 1 | 1 | 19 | 19 | 38 |
| IX | 61 | 40 | 101 | 8 | 3 | 11 | - | - | - | 21 | 8 | 29 |
| X | 62 | 50 | 112 | 7 | 6 | 13 | - | - | - | 23 | 17 | 40 |
| T | 235 | 176 | 411 | 25 | 15 | 40 | 1 | 1 | 1 | 90 | 56 | 146 |

## Details of Staff

| Sl No. | Post | Temp | Permanent | No. of Staff above 3 years in this School |
|---|---|---|---|---|
| 1 | H M | - | 1 | - |
| 2 | UPST | - | 5 | 2 |
| 3 | HST | - | 14 | 9 |
| 4 | Clerk | - | 1 | - |
| 5 | O A | - | 2 | 2 |
| 6 | FTM | - | 1 | 1 |

## OUR STAFF

| No. | Name | Designation | Class charge | Mob: Phone |
|---|---|---|---|---|
| 1. | Binoy K.S. | H.M. | | 9446268658 |
| 2. | Jossy George | HST (Mal.) | 10 A | 9495685063 |
| 3. | Mathukutty Sunny | HST (Math.) | 10 B | 9544185679 |
| 4. | Sr. Linoj SJC | HST (Mal.) | 10 C | 9496594739 |
| 5. | Ajitha K.K | HST (Hin) | 9A | 8089496075 |
| 6. | Bibish Jose | HST (Eng.) | 9 B | 9995317010 |
| 7. | Fr. Boby Jose Kurian | HST (Bio.) | 9 C | 9446925276 |
| 8. | Sini K. John | HST (Math.) | 8A | 9400677248 |
| 9. | Jose Baby | HST (Eng.) | 8B | 9846628852 |
| 10 | Sr. Kiran SJC | HST (Phy.) | 8C | 8289945189 |
| 11. | Ashly Mathew | UPST | 7A | 8138929579 |
| 12 | Aleena Kuruvilla | UPST | 7 B | 8078251549 |
| 13. | Elizabeth Pious | UPST | 6A | 8304023368 |
| 14. | Mini Abraham | UPST | 5A | 9447600131 |
| 15. | Surya Elizabeth Yooby | UPST | 5 B | 7358591652 |
| 16. | Sanu Abraham | HST (Phy.) | | 9446720035 |
| 17. | Sr. Prakash SJC | HST (S.S.) | | 9496223314 |
| 18. | Daigo Josmon | HST (SS) | | 9947591495 |
| 19. | Bijumon M.A. | UPST (Hin) | | 9496709660 |
| 20. | Danish K.C. | PET | | 8590461552 |
| 21. | Angel Antony | Music Tr. | | 7012616866 |
| 22. | Johnson Joy | Clerk | | 8547687745 |
| 23. | James Lukose | O A | | 8547211432 |
| 24. | Elsamma Lukose | O A | | 9961650052 |
| 25. | Johnson Babu | FTM | | 8547029949 |
| 26. | Shini Regi | Noon Meal Helper | | 9061263859 |

SSA നല്കുന്ന എല്ലാ പരിശീലന പരിപാടിയിലും എല്ലാ അധ്യാപകരും പങ്കെടുക്കുകയും ലഭിക്കുന്ന അറിവ് ക്ലാസിൽ പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു. TLM ഉണ്ടാക്കുന്നതിനും ലാബിൽ കമ്പ്യൂട്ടർ പ്രയോജനപ്പെടുത്തുന്നതിനും പ്രത്യേകം ശ്രദ്ധിക്കുന്നു. പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കു Remedial Teaching നൽകുന്നു. ഓരോ ക്ലാസ്സുകാരും അസംബ്ലിക്ക് നേതൃത്വം നല്കുന്നു. SCOUTS & GUIDES, USS, NCC, NMMS, Little Kites, തുടങ്ങിയവയ്ക്കെല്ലാം പ്രത്യേക പരിശീലനം നല്കിവരുന്നു.

# DUTIES & RESPONSIBILITIES 2024 -'25

| | | |
|---|---|---|
| 1. | Senior Assistant | - Sini K. John |
| 2. | Staff Secretary | - Fr. Boby Jose Kurian |
| 3. | SRG Convenor | - Sanu Abraham |
| 4. | P.T.A.Joint Secretary | - Bibish Jose |
| 5. | Examination | - Sini K. John, Mini Abraham |
| 6. | Co-Operative Society | - Danish K.C. Surya |
| 7. | Noon Feeding | - Aleena Kuruvila |
| 8. | Moral Science | - Sr. Linoj |
| 9. | KCSL | - Sr. Kiran |
| 10. | Catholic Teachers Guild | - Danish K.C. |
| 11. | NCC | - Daigo Josmon |
| 12. | Guiding | - Sr. Prakash, Elizabeth Pious |
| 13. | Scout | - Angel Antony, Mathukutty Sunny |
| 14. | JRC | - Ajitha K.K |
| 15. | SITC | - Mathukutty Sunny |
| 16. | Jo. SITC | - Jossy George |
| 17. | Library | - Sr. Linoj |
| 18. | Science Club | - Sanu Abraham, Ashly Mathew |
| 19. | Maths Club | - Sini K. John, Aleena Kuruvila |
| 20. | Social Science Club | - Sr. Prakash, Surya Elizabeth |
| 21. | English Club | - Bibish Jose, Jose Baby |
| 22. | Nature Club | - Mathukutty Sunny, Sanu Abraham Fr. Boby |
| 23. | Health Club | - Angel Antony |
| 24. | Teen's Club | - Sr. Kiran |
| 25. | Poor Fund | - Sr. Prakash |
| 26. | Monthly Quiz | - Fr. Boby, Jose Baby |
| 27. | Election | - Daigo Josmon |
| 28. | PRO | - Mathukutty Sunny, Suriya, Jose Baby, Jossy George |

| | | | |
|---|---|---|---|
| 29. | Little Kites | - | Jose Baby, Jossy George |
| 30. | Work experience | - | Sini K. John, Elizabeth Pious |
| 31. | Auditors | - | Daigo Josmon, Mathukutty Sunny |
| 32. | CWSN in charge | - | Sini K. John |
| 33. | "Pratheeksha" | - | Suriya Elizabeth Yooby |
| 34. | Vidayarangam Committee | - | Angel Antony, Sr. Linoj, Surya, Daigo Josmon, Danish K.C. Bibish Jose, Mini Abraham |
| 35. | Discipline | - | Sini K. John, Daigo Josmon Danish K.C., Mathukutty Sunny |
| 36. | PTA Executive Members | - | Bibish Jose, Fr. Boby Sini K. John, Aleena Daigo Josmon |
| 37. | Excursion | - | Mathukutty Sunny, Fr. Boby Jossy George, Sr. Linoj |
| 38. | Students Saving Scheme | - | Elizabeth Pious,Mathukutty Sunny |
| 39. | Self Defense | - | Sr. Kiran |
| 40. | House Promoters | | |
| | **GREEN** | - | Aleena, Jose Baby |
| | **YELLOW** | - | Bibish Jose, Elizabeth Pious |
| | **RED** | - | Sanu Abraham, Suriya |

## Imparting Value Education......

While planning for a year - ***Sow Corn,***
While planning for decade - ***Plant Trees,***
While planning for life - ***Train and Educate people.***

* *Unity is power*

* *Patience is the flower that grows not in every garden.*

# അടിസ്ഥാന സൗകര്യങ്ങൾ

| | നിലവിലുള്ളത് | ഇനി വേണ്ടത് |
|---|---|---|
| Class Room | 35 | - |
| HMS Room | 1 | - |
| Office Room | 1 | - |
| Staff Room | 1 | - |
| Kitchen | 1 | - |
| Store | 1 | - |
| Play Ground | 1 | - |
| Computer Lab | 1 | - |
| Smart Room | 14 | - |
| Science Lab | 1 | - |
| Library | 1 | - |
| Help Desk Room | - | - |
| Councelling Room | - | - |
| Toilet | 10 | - |
| Urinal | 10 | - |
| Drinking water facility well | 2 | - |
| Tap | 25 | - |
| Fire Extinguisher | - | - |
| Rain water storage | - | - |
| Solid waste disposal | 1 | - |
| Incinerator | - | - |

## IT അനുബന്ധ സൗകര്യങ്ങൾ

| | നിലവിലുള്ളത് | ഇനി വേണ്ടത് |
|---|---|---|
| Desktop | - | - |
| Laptop | 23 | 15 |
| Projector LCD | 12 | 5 |
| Scanner Printer | 1 | 2 |
| Printer | 1 | 2 |
| Photostat Machine | 1 | 2 |
| TV | 1 | - |
| Internet | 1 | - |

| | |
|---|---|
| Email Id | stgeorgesvhss100@gmail.com |
| Website | www.stgeorgeshskaipuzha.com |

## വിദ്യാഭ്യാസ പ്രവർത്തനം സുഗമമാക്കാനുള്ള അനുബന്ധ സംവിധാനങ്ങൾ

### SRG

മാസത്തിലൊരിക്കൽ SRG മീറ്റിംഗ് നടത്തി ഓരോ ക്ലാസ്സിലെയും പ്രവർത്തന ങ്ങൾ ചർച്ച ചെയ്ത് പോരായ്മകൾ പരിഹരിക്കുന്നു. മികവുകൾ പ്രത്യേകം രേഖപ്പെടു ത്തുന്നു. ദിനാചരണങ്ങൾക്കുള്ള പ്ലാൻ തയ്യാറാക്കുന്നു. Yearly, monthly പ്ലാൻ തയ്യാറാക്കു ന്നതിന് പരസ്പരം സഹായി ക്കുന്നു.

### Lab Library

ഓരോ വർഷവും SSA, TG, SG ഉപയോഗിച്ച് ഓരോ വിഷയങ്ങൾക്കും ആവശ്യ മായ ലാബ് സാധനങ്ങൾ വാങ്ങുന്നു. കുട്ടികൾക്ക് സ്വയം ലാബ് സാധനങ്ങൾ നിരീക്ഷി ക്കുന്നതിനും കൈകാര്യം ചെയ്യുന്നതിനും അവസരം ലഭിക്കുന്നു. രണ്ടാഴ്ചയിലൊരി ക്കൽ ലൈബ്രറി പുസ്തകങ്ങൾ എക്ചേഞ്ച് ചെയ്തുകൊണ്ട് കുട്ടികളുടെ വായനാ ശീലം വർദ്ധിപ്പിക്കുന്നതിന് സഹായിക്കുന്നു.

### Computer

5 മുതൽ 10 വരെ ക്ലാസ്സുകളിലെ കുട്ടികളെ കംപ്യൂട്ടർ ലാബിൽ കൊണ്ടുപോയി പഠിപ്പിക്കുന്നു. എല്ലാ അദ്ധ്യാപകരും പാഠഭാഗവുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് കംപ്യൂട്ടർ സാധ്യത പ്രയോജനപ്പെടുത്തുന്നു.

### SMC/PTA/MPTA

സ്കൂളിലെ ദൈനംദിന പ്രവർത്തനങ്ങൾ, ദിനാചരണങ്ങൾ, ആഘോഷങ്ങൾ, ശുചീകരണം, ഉച്ചഭക്ഷണ വിതരണം ഇവയിലെല്ലാം PTA/MPTA യുടെ സഹകരണം പ്രയോജനപ്പെടുത്തുന്നു. ഇവരുടെ സഹായത്തോടെ കുട്ടികൾ പച്ചക്കറിത്തോട്ടം വീടുകളിൽ ഉണ്ടാക്കി.

### SSG

സ്കൂളിലെ ദിനാചരണങ്ങളിലും ആഘോഷങ്ങളിലും SSG സഹകരിക്കുകയും ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും വേണ്ട പ്രോത്സാഹനങ്ങൾ നൽകു കയും ചെയ്യുന്നു.

### Uniform

സ്കൂളിന് തനതായ ഒരു യൂണിഫോം ഉണ്ട്.

### Clubs

Science, S.S., Maths, Language, Library, Health, Eco, IT തുടങ്ങിയ ക്ലബ്ബുകൾ പ്രവർത്തി ക്കുന്നു. ഓരോ അധ്യാപകർക്കും പ്രത്യേക ചുമതലകൾ നൽകുകയും കുട്ടികൾക്ക് പരിശീലനം നൽകുകയും ചെയ്യുന്നു. ദിനാചരണങ്ങൾ, മത്സരങ്ങൾ ഇവയ്ക്ക് കുട്ടി കളെ പരിശീലിപ്പിക്കുകയും മത്സരങ്ങളിൽ പങ്കെടുപ്പിക്കുകയും ചെയ്യുന്നു. അസംബ്ലി യിൽ വിവിധ വിഷയങ്ങളെക്കുറിച്ച് അവബബോധം നൽകുന്നു. കുട്ടികളുടെ യൂണി ഫോം, നഖം, തലമുടി ഇവയുടെ വൃത്തി പരിശോധിക്കുന്നു. ഉച്ചഭക്ഷണം, പാചകം ഇവ ശ്രദ്ധിക്കുന്നു. ചെടികൾ വച്ചുപിടിപ്പിക്കുന്നതിലും പരിപാലിക്കുന്നതിലും ശ്രദ്ധിക്കുന്നു. വീടുകളിൽ പച്ചക്കറിത്തോട്ടം ഉണ്ടാക്കുന്നതിനുള്ള പരിശീലനം നൽകുന്നു.

### സാമൂഹ്യപങ്കാളിത്തം

സെന്റ് ജോർജ്ജ്സ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്ക്കൂളിന്റെ സർവ്വതോന്മുഖമായ വളർച്ചയിൽ ജാതിമത ഭേദമന്യേ നാട്ടുകാരെല്ലാം സഹകരിക്കുന്നു. കുട്ടികൾക്ക് എല്ലാദിവസവും പത്രങ്ങൾ വരുത്തി നൽകുന്നു. കുട്ടികളുടെ പഠനനിലവാരം ഉയർത്തുന്നതിനും, അവരെ പ്രോത്സാഹിപ്പിക്കുന്നതിനും നല്ലവരായ ആളുകളുടെ സഹകരണത്തോടെ Endowement കൾ ഏർപ്പെടുത്തിയിട്ടുണ്ട്. സൗജന്യ മെഡിക്കൽ ക്യാമ്പ് നടത്തി കാഴ്ചക്കുറവുള്ള കുട്ടികളെ കണ്ടെത്തുകയും അവർക്കാവശ്യമായ ചികിത്സകൾ ലഭ്യമാക്കുകയും ചെയ്തു.

പി.ടി.എ. യുടെ പങ്കാളിത്തത്തോടെ സ്കൂളിൽ ഓണാഘോഷ പരിപാടികൾ നടത്തുന്നു. എന്റെ മരം പദ്ധതിയുടെ ഭാഗമായി ഒരു കുട്ടിക്ക് ഒരു മരം എന്ന് രീതിയിൽ വൃക്ഷത്തൈകൾ വിതരണം ചെയ്യുകയും കുട്ടികൾ അതു പരിപാലിക്കുകയും ചെയ്യുന്നു.

അങ്ങനെ നല്ലൊരു ജനതയെ വാർത്തെടുത്ത് സാമൂഹിക ഉന്നമനത്തിന് തയ്യാറാക്കുന്ന ചുമതലയാണ് ഒരു വിദ്യാലയത്തിനുള്ളത്. സമൂഹത്തിൽ നടത്തുന്ന അനീതിക്കും ദുഷ്പ്രവണതയ്ക്കും എതിരായി ബോധവൽക്കരണത്തിന് കുട്ടികളെ തയ്യാറാക്കുന്നതിൽ അധ്യാപകരോടൊപ്പം സമീപവാസികളും സഹകരിക്കുന്നു.

## Swot Analysis

കുട്ടികളെ കമ്പ്യൂട്ടർ മേഖലയിൽ സമ്പന്നരാക്കുന്നതിന് KITE -ൽ നിന്ന് 30 കംപ്യൂട്ടറുകൾ സ്കൂളിലേക്ക് ലഭിച്ചിട്ടുണ്ട്. Smart Class Room, വിവിധ ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ, നല്ല പ്ലേ ഗ്രൗണ്ട് സമർത്ഥരായ അദ്ധ്യാപകർ, നല്ല പഠനാന്തരീക്ഷം, മൂല്യബോധം നല്കുന്ന വിദ്യാഭ്യാസം ഇവയെല്ലാം തങ്ങളുടെ കുട്ടികൾക്ക് വേണം എന്നാഗ്രഹിച്ച് മാതാപിതാക്കൾ തങ്ങളുടെ കുട്ടികളെ ഇവിടേയ്ക്കയക്കുന്നു. കുട്ടികൾക്ക് യാത്രാസൗകര്യം ഉറപ്പാക്കുന്നതിന് പി.ടി.എ. പ്രസിഡന്റിന്റെ സഹായത്തോടെ വാഹനസൗകര്യം ഏർപ്പാടാക്കിയിട്ടുണ്ട്.

### Opportuntiy

SSA, SSG, PTA, MPTA, Managemet ഇവയിലൂടെയുള്ള സഹായങ്ങൾ.

**തടസ്സം**

സാമ്പത്തിക ബുദ്ധിമുട്ടാണ് ഏറ്റവും വലിയ തടസ്സം. നിർദ്ധനരായ കുട്ടികളിൽ നിന്നും പണം സമാഹരിച്ച് വലിയ പദ്ധതികൾ നടപ്പാക്കുക ബുദ്ധിമുട്ടാണ്. ഗവണ്മെന്റിൽ നിന്നും സഹായങ്ങൾ എയിഡഡ് സ്കൂളിന് ലഭിക്കാത്തതും ഒരു തടസ്സമായി നിലകൊള്ളുന്നു.

മേഖല 1

## കായിക പ്രവർത്തനങ്ങൾ

- ഫുട്ബാൾ, വോളിബോൾ, ബാറ്റ്മിന്റൻ എന്നിവയുടെ കോർട്ട് നിർമാണം
- മിനി – ജിം നിർമാണം
- സെന്റ് ജോർജ്ജ് സോക്കർ ടൂർണമെന്റ്, ഒക്ടോബർ 27 - നവംബർ 8
- BCM ഫുട്ബോൾ ടൂർണമെന്റ്, ജനുവരി 9,10.11
- മാർ മാക്കീൽ ടേബിൾ ടെന്നീസ് ടൂർണമെന്റ്, ഫെബ്രുവരി 6

## മേഖല 2

### കലാ പ്രവർത്തനങ്ങൾ

- ജനകീയ ഓണാഘോഷം
- പൂർവ്വ അധ്യാപക സംഗമം
- പ്രാദേശിക ചരിത്ര അവബോധ സെമിനാർ
- കാർഷിക ഉപകരണങ്ങളുടെയും ഉൽപ്പന്നങ്ങളുടെയും പ്രദർശനം
- ISRO എക്സിബിഷൻ
- കലാം ക്വിസ്
- പൂർവ്വ വിദ്യാർത്ഥി സമ്മേളനം
- ശതാബ്ദി സമാപനം

**മേഖല 3**

## പ്ലാസ്റ്റിക് വിമുക്ത വിദ്യാലയം

### ലക്ഷ്യങ്ങൾ

- ആരോഗ്യത്തിന് ഹാനികരമായ പ്ലാസ്റ്റിക് വിദ്യാലയത്തിൽ നിന്നും അകറ്റി നിർത്തുക
- കുട്ടികൾക്ക് പ്ലാസ്റ്റിക്കിന്റെ ദൂഷ്യഫലങ്ങൾ മനസ്സിലാക്കാൻ അവസരം നൽകുക.
- പ്ലാസ്റ്റിക്കിന്റെ പുനർക്രമീകരണ സാധ്യതകൾ വ്യക്തമാക്കിക്കൊടുക്കുക.

### പ്രവർത്തനങ്ങൾ

- ആഴ്ചയിലൊരുദിവസം ഡ്രൈഡേ
- വീട്ടിലെയും സ്കൂളിലെയും പ്ലാസ്റ്റിക്കുകൾ തരംതിരിച്ച് പ്രത്യേകം തയ്യാറാക്കിയിട്ടുള്ള പിറ്റുകളിൽ ഇടുക.
- പ്ലാസ്റ്റിക്കിന്റെ ദുരുപയോഗങ്ങൾ മനസ്സിലാക്കുന്നതിന് ബോധവൽക്കരണ ക്ലാസ്
- സെമിനാർ സംഘടിപ്പിക്കുക
- പ്ലാസ്റ്റിക് കൊണ്ടുണ്ടാക്കാവുന്ന ഉൽപന്നങ്ങളുടെ ഒരു എക്സിബിഷൻ നടത്തുക
- കൊളാഷ് നിർമ്മാണ മത്സരം

മേഖല 4

## ക്ലാസ്സ് ലൈബ്രറികൾ

**ലക്ഷ്യങ്ങൾ**

- കുട്ടികളിൽ വായനാശീലം വളർത്തുന്നതിന്
- എല്ലാ കുട്ടികൾക്കും വായനയ്ക്കുള്ള അവസരം ക്ലാസ്സുമുറികളിൽ തന്നെ സജ്ജമാക്കുക

**പ്രവർത്തനങ്ങൾ**

- ക്ലാസ്സ്റൂമിൽ ലൈബ്രറി ഒരുക്കുന്നതിനുള്ള സ്ഥലം ക്രമപ്പെടുത്തുക.
- ഓരോ കുട്ടികളും വീട്ടിൽ നിന്നും പുസ്തകങ്ങൾ ശേഖരിച്ച് സ്കൂളിൽ കൊണ്ടുവന്നു ക്ലാസ്സുമുറികളിൽ പൊതുവായി വയ്ക്കുകയും വായിക്കുകയും ചെയ്യുക.
- കൊണ്ടുവന്ന പുസ്തകങ്ങളുടെ രജിസ്റ്റർ ക്ലാസ്സിൽ എഴുതിതയ്യാറാക്കുകയും ക്ലാസ്സിൽ തന്നെ സൂക്ഷിക്കുകയും ചെയ്യുക.
- ക്ലാസിൽ ഒരാളെ ലൈബ്രേറിയനായി തിരഞ്ഞെടുക്കുക.

## പൊതുലക്ഷ്യങ്ങൾ

- കുട്ടികളെ ഉയർന്ന ലക്ഷ്യബോധമുള്ളവരാക്കി വളർത്തുന്നതിന് ഈ സ്ഥാപനം മുൻകൈയെടുത്തു പ്രവർത്തിക്കുന്നു.
- ആനുകാലിക വളർച്ച ലക്ഷ്യമാക്കി ജീവിതം കരുപ്പിടിപ്പിക്കാൻ സഹായിക്കുന്നു.
- കൗൺസിലിംങിലൂടെയും മാർഗ്ഗനിർദ്ദേശങ്ങളിലൂടെയും മൂല്യാധിഷ്ഠിത വിദ്യാഭ്യാസം നൽകുന്നു.
- കുട്ടികൾക്ക് കംപ്യൂട്ടറുമായി പരിചയം ഉറപ്പിക്കുന്നതിനുള്ള അവസരം ഒരുക്കുക.
- പിന്നോക്കക്കാരായ കുട്ടികൾക്ക് സ്പെഷ്യൽ ട്രെയിനിംഗ് നൽകുക.
- ആത്മീയവും ഭൗതികവും സാന്മാർഗ്ഗികവുമായ വിദ്യാഭ്യാസം നൽകുക.
- സംഘടനാ പ്രവർത്തനങ്ങളിലൂടെ കുട്ടികളെ മികവുള്ളവരാക്കുക.
- NCC, Scout / Guide, Redcross തുടങ്ങിയ സംഘടനകളിൽ പ്രവർത്തിക്കാനുള്ള അവസരം കുട്ടികൾക്ക് ലഭിക്കുന്നതുവഴി സമൂഹവുമായി കൂടുതൽ ബന്ധപ്പെടുവാൻ സാധിക്കുന്നു. ഉദാഹരണമായി ഗതാഗതനിയന്ത്രണം, ശുചിത്വ പ്രവർത്തനങ്ങൾ, ആതുര സേവനം പ്രഥമശുശ്രൂഷ, നേതൃത്വപ്രവർത്തനങ്ങൾ തുടങ്ങിയവയിലൂടെ.
- ടീച്ചറിന്റെ വിലയിരുത്തൽ, റിക്കോർഡിംഗ്
- തുടർ പ്രവർത്തനം നൽകൽ
- മികവു കാണിക്കുന്ന കുട്ടികൾക്ക് പ്രോത്സാഹനം നൽകൽ
- പിന്നോക്കം നിൽക്കുന്ന കുട്ടികളെക്കൊണ്ടു കൂടുതൽ കൂടുതൽ പ്രവർത്തനങ്ങൾ ചെയ്യിക്കുന്നു. മികച്ച കുട്ടികളെ ചുമതലപ്പെടുത്തുന്നു.
- അക്ഷരം, അടയാളം, വാക്കുകൾ വാക്യങ്ങൾ ഇവ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു.
- ഗണിത ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നു.
- അലസത മറികടന്ന് കുട്ടികളെ ജോലിയിലും വായനയിലും പ്രാപ്തരാക്കാൻ കർമ്മജ്വാലയിൽ പങ്കാളികളാക്കുക. ഭാഷ മെച്ചപ്പെടുത്തുന്നതിനുവേണ്ടി കൂടുതൽ പുസ്തകങ്ങൾ വായിപ്പിക്കുന്നു.
- വാക്കുകളും, വാക്യങ്ങളും എഴുതിക്കുന്നു.
- പത്രങ്ങളിലെ പ്രധാനപ്പെട്ട വാർത്തകൾ വായിപ്പിക്കുകയും എഴുതിപ്പിക്കുകയും ചെയ്യുന്നു.
- ക്ലാസ്സിലെ ബുള്ളറ്റിൻ ബോർഡ് കുട്ടികൾ തയ്യാറാക്കുന്നു.
- കുട്ടികൾക്ക് പട്ടിക ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു.
- കുട്ടികളെ ഗ്രൂപ്പുകൾ ആക്കുകയും ഓരോ ഗ്രൂപ്പിനും നൽകുന്ന പ്രവർത്തനങ്ങൾ ചെയ്യുന്നുണ്ടോയെന്ന് പരിശോധിക്കാൻ മിടുക്കരായ കുട്ടികളെ ചുമതലപ്പെടുത്തുന്നു.

# അക്കാദമികം

## മേഖല 1 മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ഭാഷയുടെ അടിസ്ഥാന ശേഷി വികസനം, ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | **എന്റെ അവധിക്കാലം:** പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം, അനുഭവ കുറിപ്പ്) അവതരിപ്പിക്കുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | **ഭാഷാകേളി:** അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | **വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്:** അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| 2) പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പ് വരുത്തുക. | **വാർത്താലോകത്തേക്ക്:** പത്രം, ആഴ്ച്ചപതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു. | എല്ലാദിവസവും | മലയാളം അധ്യാപകർ | |
| | **വാർത്താവായന:** നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു. ക്ലാസ് തലത്തിൽ വായന നടത്തി തിരഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു. | പ്രതിമാസം | മലയാളം ക്ലബ്ബ് | |
| | അതാത് മാസത്തെ പ്രധാന സംഭവങ്ങൾ ക്ലാസ്, സ്കൂൾ, ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു. | വർഷത്തിൽ മൂന്നുപ്രാവശ്യം | മലയാളം ക്ലബ്ബ് | മലയാളം ക്ലബ്ബ് |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 3) സാഹിത്യ കൃതികളോടും സാഹിത്യകാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ. | **സംവാദം/മുഖാമുഖം:**<br>സാഹിത്യകാരന്മാർ, എഴുത്തുകാർ, കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു. | വർഷത്തിൽ രണ്ട് പ്രാവശ്യം | ഹെഡ്മിസ്ട്രസ്, മലയാളം അധ്യാപകർ | പി.ടി.എ. |
| 4) മലയാളം കമ്പ്യൂട്ടറിംഗ് പരിജ്ഞാനം നേടി എടുക്കലും സർഗ്ഗാത്മകശേഷി വളർത്തലും. | **ഇ-കമ്പ്യൂട്ടറിംഗ്:**<br>മുഴുവൻ കുട്ടികളെയും മലയാളം കമ്പ്യൂട്ടറിംഗ് പരിശീലിപ്പിക്കുകയും ഇ - മാഗസിൻ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. | രണ്ട് വർഷം | മലയാളം, ഐ.ടി. അധ്യാപകർ | മലയാളം ക്ലബ്ബ് |
| | മുഴുവൻ പഠിതാക്കളുടെയും സർഗ്ഗാത്മക രചനകൾ ഉൾക്കൊള്ളിച്ച് കൊണ്ട് സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു. | വർഷാവസാനം | മലയാളം അധ്യാപകർ | |
| 5) പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ. | **രംഗാവിഷ്കാരം:**<br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ, ലഘു നാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു.<br>വിദഗ്ധരായ നാടക കലാകാരന്മാരെയും മറ്റ് കലാകാരന്മാരെയും പങ്കെടുപ്പിച്ച് കൊണ്ട് ശില്പശാലകൾ നടത്തുന്നു. | അക്കാദമിക് വർഷം | പി.ടി.എ, സ്കൂൾ | പി.ടി.എ |

## മേഖല 2 ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും അനായാസം സംസാരിക്കുവാനും അവസരം ഒരുക്കുന്നു. | **Lend Your Ear-** ലളിതവും രസകരവുമായി ഇംഗ്ലീഷ് റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരങ്ങൾ നൽകുവാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നു. | ജൂലൈ | ഇംഗ്ലീഷ് അധ്യാപകൻ | ഇംഗ്ലീഷ് ക്ലബ്ബ് |
| | **Follow Me If You Can!** ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുവാനുള്ള പരിശീലനം നൽകുന്നു. | ജൂൺ | ഇംഗ്ലീഷ് അധ്യാപകർ | |
| | **Breaking News** ഇംഗ്ലീഷ് റേഡിയോ വാർത്തകൾ റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ശരിയായ ഉച്ചാരണം ശ്രവിക്കുവാൻ അവസരം ഒരുക്കുന്നു. | നവംബർ | ഇംഗ്ലീഷ് അധ്യാപകർ | |
| | **Missing Man** അധ്യാപികയും വിദ്യാർത്ഥിയും തമ്മിലുള്ള സംഭാഷണം റെക്കോർഡ് ചെയ്ത് കുട്ടികളെ കേൾപ്പിക്കുന്നു. തുടർന്ന് അധ്യാപികയുടെ സംഭാഷണം നീക്കം ചെയ്ത് കുട്ടിയുടെ സംഭാഷണം മാത്രം കേൾപ്പിക്കുന്നു. അധ്യാപികയുടെ ഭാഗം മറ്റ് കുട്ടികൾക്ക് അവതരിപ്പിക്കുവാനുള്ള അവസരം ഒരുക്കുന്നു. | ജൂൺ | ഇംഗ്ലീഷ് അധ്യാപകർ | |
| | **Treasure Hunt** വ്യത്യസ്തമായ വസ്തുക്കൾ ഉപയോഗിച്ച് വിഭിന്ന അറകളാക്കുന്നു. ഓരോ അറകൾക്കും നമ്പർ നൽകി നറുക്കെടുപ്പിലൂടെ ലഭിക്കുന്ന വസ്തുവിനെ കുറിച്ച് വർണ്ണിക്കുന്നു. വസ്തു എന്തെന്ന് മറ്റ് കുട്ടികൾ തിരിച്ചറിയുന്നു. പോയിന്റ് നൽകുന്നു. | ആഗസ്ത് | ഇംഗ്ലീഷ് അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | **Meet the Foreigner** തനത് ഭാഷ സംസാരിക്കുന്ന വ്യക്തികളുമായി ആശയ വിനിമയം നടത്തുവാനുള്ള അവസരം ഒരുക്കുന്നു. | വർഷത്തിൽ ഒരു തവണ | ഇംഗ്ലീഷ് അധ്യാപകർ | |
| | **One Man Show** ആശയം നൽകി ഇംഗ്ലീഷിൽ ഏകാഭിനയത്തിന് പ്രോത്സാഹനം നൽകുന്നു. | ഒക്ടോബർ | ഇംഗ്ലീഷ് അധ്യാപകർ | |
| 2) ഭാവാത്മക വായന പരിശീലിപ്പിക്കുന്നു | **I Too Can !!** വ്യത്യസ്ത തലങ്ങളിലായി വിവിധ വായന കാർഡുകൾ ക്രമീകരിക്കുന്നു. തെറ്റുകൂടാതെ വായിക്കുവാൻ അവസരം നൽകുന്നു. (ലളിതമായതിൽ നിന്നും സങ്കീർണ്ണമായതിലേക്ക്) | ജൂലൈ | ഇംഗ്ലീഷ് അധ്യാപകർ | |
| | **Leaning Ladder** പാഠഭാഗത്തിൽ നിന്നും തിരഞ്ഞെടുത്ത കുറച്ച് വാക്കുകൾ ചാർട്ടിലെഴുതി കണ്ണാടിയിൽ നിന്നും വായിക്കുവാൻ കുട്ടികൾക്ക് അവസരം നൽകുന്നു. മുഴുവൻ വാക്കുകളും ശരിയായി കണ്ടെത്തുന്നവർക്ക് പരിപാടിയായി ഏണിയുടെ ഉയരങ്ങൾ കീഴടക്കാൻ സാധിക്കുകയും ഒളിഞ്ഞിരിക്കുന്ന സമ്മാനം ലഭിക്കുകയും ചെയ്യുന്നു. | സെപ്തംബർ | ഇംഗ്ലീഷ് അധ്യാപകർ | |
| | **F.M. Corner** വ്യത്യസ്തമായ കഥകൾ **Reader's Theatre** റേഡിയോ ഡ്രാമ രൂപത്തിൽ അവതരിപ്പിക്കുവാനുള്ള അവസരം നൽകുന്നു. | ടേമിൽ ഒരു തവണ | ഇംഗ്ലീഷ് അധ്യാപകർ | |
| | **Reader of the Month** ഇംഗ്ലീഷ് ദിനപത്രം വായിക്കുവാൻ അവസരം നൽകി. **Reader of the Month** നെ ആദരിക്കുന്നു. | മാസം തോറും | ഇംഗ്ലീഷ് അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 3) തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു. | **My Droplets** കുട്ടികളുടെ കലാസൃഷ്ടി ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ മിനി ഡിക്ഷണറി എന്നിവ തയ്യാറാക്കുന്നു. | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകൻ | |
| | **Alert Zone** സൂചന ബോർഡുകൾ, പോസ്റ്ററുകൾ, നോട്ടീസുകൾ എന്നിവ സ്കൂൾ അന്തരീക്ഷത്തിലും ക്ലാസ് റൂമുകളിലുമായി പ്രദർശിപ്പിക്കുന്നു. | ദിനാചരണങ്ങളിൽ | ഇംഗ്ലീഷ് അധ്യാപകൻ | |
| | **Run Baby Run** ക്ലാസിനെ ഗ്രൂപ്പുകളാക്കുന്നു. ചാർട്ടിലെഴുതി പ്രദർശിപ്പിച്ച വാക്കുകൾ ഒരുപ്രാവശ്യം വായിച്ചതിനു ശേഷം മറ്റൊരു ചാർട്ടിലേക്ക് തെറ്റുകൂടാതെ എഴുതുന്നു. ഏറ്റവും ആദ്യം വാക്യങ്ങൾ തെറ്റുകൂടാതെ എഴുതിയ ഗ്രൂപ്പിനെ വിജയിയായി പ്രഖ്യാപിക്കുന്നു. | ഫെബ്രുവരി | ഇംഗ്ലീഷ് അധ്യാപകൻ | |
| | **Fun time Funda** കടംകഥകൾ, കുസൃതി ചോദ്യങ്ങൾ, ഫലിതങ്ങൾ എന്നിവ തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കുവാൻ അവസരം നൽകുന്നു. | എല്ലാ ഇംഗ്ലീഷ് പിരീഡും | ഇംഗ്ലീഷ് അധ്യാപകൻ | |
| 4) ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മവിശ്വാസം ഉയർത്തുന്നു. | **The Grand Camp** ഇംഗ്ലീഷിൽ പ്രാവീണ്യമുള്ള രക്ഷിതാക്കളെയും സമൂഹത്തിലെ മറ്റ് വ്യക്തികളെയും ഉൾപ്പെടുത്തി ഇംഗ്ലീഷ് അന്തരീക്ഷം സൃഷ്ടിച്ച് ഒരു ഇംഗ്ലീഷ് ക്യാമ്പ് നടത്തുന്നു. 5,6,7 ക്ലാസിലെ കുട്ടികൾക്ക് വൈവിധ്യമാർന്ന പരിപാടികളുമായി മുന്നോട്ട് വരാൻ അവസരം ഒരുക്കുന്നു.<br>അഞ്ചാം ക്ലാസിനായി കഥപറയൽ, കഥയെഴുത്ത്<br>ആറിന് **Role play** നാടകം എന്നിവ പ്രച്ഛന്നവേഷമായി<br>ഏഴാം ക്ലാസിന് കവിതയുടെ പ്രസംഗം തുടങ്ങിയവ.<br>ക്യാമ്പിന് ഒടുവിൽ ഡോക്യുമെന്ററി /ഫിലിം ഷോ | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകർ, പി.ടി.എ. ഭാരവാഹികൾ, രക്ഷിതാക്കൾ | |

## മേഖല 3 ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) **5,6,7 ക്ലാസ് അക്ഷര ബോധം ഉറപ്പിക്കൽ.** ഹിന്ദി അഞ്ചാംതരം മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഇഷ്ടപ്പെടാനും അക്ഷര ങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുക. പഠിപ്പിച്ചെടുക്കുക. | പുതിയ പദങ്ങൾ, പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസിലാക്കി കൊടുത്ത് പഠിപ്പിക്കും. ചിത്രങ്ങൾ, അക്ഷരമാല ചാർട്ട് സിഡിയിൽ അക്ഷര രചന കാണിക്കൽ എന്നിവ. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| 2) **ഹിന്ദി വായന**: തെറ്റു കൂടാതെ ഹിന്ദി വായിക്കു വാനുള്ള പരിശ്രമം ചെയ്യും. | നിരന്തരം പുസ്തകം വായിച്ച് കേൾപ്പിച്ച് വായനയിലേക്ക് ആകർഷിപ്പിക്കും മറ്റ് ഹിന്ദി ചിത്രകഥകൾ അതിന്റെ സി. ഡി. താഴെ ഹിന്ദിയിൽ വാക്യമുള്ളവ കാണിക്കും. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| 3) **ഹിന്ദി സംസാരം**: ഹിന്ദി യിൽ സംസാരിക്കാനുള്ള കഴിവുണ്ടാക്കി എടുക്കും. നിത്യജീവിതത്തിൽ ആവശ്യം വരുന്നത് ഹിന്ദിയിൽ സംസാ രിക്കാനുള്ള ഭാഷ പരിചയ പ്പെടുത്തും. | ഹിന്ദി മാത്രം മിക്കവാറും ക്ലാസുകളിൽ ഉപയോഗിക്കും. അവരുടെ ചെറിയ ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ തന്നെ ചോദിക്കും. ഹിന്ദിയിൽ മാത്രം സംസാരിക്കുന്ന വരെ ക്ലാസിൽ കൊണ്ടുവരും.<br>വായനയ്ക്ക്...........<br>ഹിന്ദി തെറ്റിച്ച് അധ്യാപകൻ വായിക്കും കുട്ടികൾ ശ്രദ്ധ യോടെ അത് ശരിയാക്കി വായിക്കും.<br>Readery fight മത്സരവായന തെറ്റാതെ ആവർത്തി ക്കാതെ പാസില്ലാതെ കൂടുതൽ വരി വായിക്കണം. ആ കുട്ടിക്ക് സമ്മാനം നൽകുന്നു. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |

## മേഖല 4 ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) അടിസ്ഥാന ഗണിത ക്രിയകൾ എല്ലാപഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു. | **ഗണിത ശിൽപ്പശാല**<br>കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർകാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ, ഫ്ളാഷ് കാർഡ്,........ ഉപയോഗിക്കുന്നു.) | ജൂൺ മാസം | ഗണിത അധ്യാപകൻ | |
| 2) രസകരമായ ഗണിത ശാസ്ത്ര പഠനവും കരചലന ശേഷികളുടെ വികാസവും. | **ഒറിഗാമി ശിൽപ്പശാല**<br>ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ. | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |
| 3) ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ. | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ ലാബിൽ വെച്ച് ഗണിത ക്ലാസ് നടത്തൽ. | ആവശ്യാനുസരണം | ഗണിത അധ്യാപകരും ഗണിത ക്ലബ്ബിലെ അംഗങ്ങളും | |
| 4) ഗണിതം മധുരമാക്കൽ | **ഗണിത പാർക്ക്**<br>ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ. | ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് | ഗണിത ക്ലബ്ബ്, പി.ടി.എ |
| 5) ഗണിത മേഖലയിൽ കുട്ടികളുടെ താൽപര്യം വർദ്ധിപ്പിക്കൽ | **ഗണിത ഗ്രാമം**<br>ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ (മറ്റ് വിദ്യാലയങ്ങളിലും മറ്റ് മേഖലകളിലും പ്രവർത്തിക്കുന്നവർ) പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താൽപര്യമുണ്ടാക്കുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു. | വർഷത്തിൽ അഞ്ചോ ആറോ തവണ | ഗണിത അധ്യാപകർ, ക്ലബ്ബ് ലീഡർമാർ | പി.ടി.എ |
| 6) ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു | **ഐ.ടി. സാധ്യതകളിലൂടെ**<br>ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ടാൻഗ്രാം ഇതുപോലുള്ള പ്രവർത്തനങ്ങൾ ഐ.ടി. സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 7) ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു. | **ഗണിത ക്ലിനിക്ക്**<br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി, ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ നിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പിരീഡ് | ഗണിത അധ്യാപകരും സമർഥരായ കുട്ടികളും | |
| 8) വിവിധ ശേഷികളുടെ വികസനം | **ദിനാചരണം**<br>ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | SRG | |

## മേഖല 5 സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | **നിശാഗന്ധി-ജൈവവൈവിധ്യ പാർക്ക്:** ഔഷധത്തോട്ടം, പച്ചക്കറി തോട്ടം, ശലഭോദ്യാനം, കുളം, ജൈവവേലി, മുളകൾ കൊണ്ടുള്ള ഇരിപ്പിടങ്ങൾ എന്നിവ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള ജൈവവൈവിധ്യ പാർക്ക് നിർമ്മാണം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | പി.ടി.എ |
| | **കണ്ടറിയാനൊരു യാത്ര** വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ, ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണം, കാവുകൾ സന്ദർശനം, കണ്ടൽക്കാട് നിരീക്ഷണം, പുഴയെ അറിയാൻ യാത്രകൾ. | ജൂലൈ | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | രക്ഷിതാക്കൾ |
| | **പരീക്ഷണക്കളരി** നിത്യ ജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു. പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു. പരീക്ഷണ കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു. | ജൂൺ മുതൽ | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | |
| 2) ശാസ്ത്ര പ്രക്രിയാശേഷി വികസിപ്പിക്കുക, ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക. | **മാസ്റ്റർ മൈന്റ്** ഊർജ്ജ ക്ലബ്ബ്, ആരോഗ്യ ക്ലബ്ബ്, ശാസ്ത്ര ക്ലബ്ബ് ഇവയുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രൊജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | |
| | **എക്സ്പ്പോ-എക്സ്പ്ലോർ** ആധുനിക ശാസ്ത്ര ലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾ തല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | സയൻസ് ക്ലബ്ബ് |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | **ശാസ്ത്ര വിസ്മയ ചുമർ**<br>ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| | **മുഖാമുഖം**<br>ശാസ്ത്ര മേഖലയിലെ പ്രമുഖരായ വ്യക്തികളുമായി അഭിമുഖം നടത്തി നൂതന ശാസ്ത്ര ആശയവുമായി ബന്ധപ്പെട്ട സെമിനാർ സംഘടിപ്പിച്ച് പ്രബന്ധം തയ്യാറാക്കി അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ<br>സയൻസ് ക്ലബ്ബ് | പി.ടി.എ<br>സയൻസ് ക്ലബ്ബ് |
| | **യുറേക്കാ**<br>കുട്ടികളിൽ ശാസ്ത്ര അവബോധം വർദ്ധിപ്പിക്കുന്നതിനായി ക്ലാസുകളിൽ ശാസ്ത്ര മാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| 3) ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ ആധുനീക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക. | **വിസ്മയ യാത്ര**<br>ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്രസത്യങ്ങൾ, ശാസ്ത്രകാരന്മാരുടെ ജീവ ചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| 4) പ്രതിഭാശാലികളായ വിദ്യാർത്ഥികളിൽ ഗവേഷണോത്സുകത വർദ്ധിപ്പിക്കൽ | Atal Tinkering Laboralory പ്രയോജനപ്പെടുത്തി പ്രതിഭാശാലികൾക്ക് ഗവേഷണത്തിന് വഴിയൊരുക്കുന്നു. 3D പ്രൊജക്ടർ ഉപയോഗിച്ച് കുട്ടികൾക്ക് നേരിട്ട് കാണാൻ സാധ്യതയില്ലാത്ത Fullerine പോലെയുള്ള മൂലകങ്ങളും, അവയുടെ ഐസോടോപ്പുകളും മറ്റും ത്രിമാന രൂപത്തിൽ കാണിച്ച് കൊടുക്കുന്നു.<br>ഇലക്ട്രോണിക്, റോബോട്ടിങ് സാധ്യത ഉപയോഗിച്ച് ഉപകരണ നിർമ്മാണം, ISRO സന്ദർശനം | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |

## മേഖല 6 സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) സാമൂഹ്യ ശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ. | **അങ്കത്തട്ട്- കളിയിൽ നിന്ന് കാര്യത്തിലേക്ക്** സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരീക്ഷിക്കുന്നതിന് പ്രഹേളികകൾ ഓരോ പഠിതാവിനും നൽകുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| | **ഓർമ്മച്ചെപ്പ്** അന്തർദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ICT സാധ്യകളുപയോഗിച്ച് Memory test നടത്തുന്നു | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 2) പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | Virtual Field Trip<br>ICT സാധ്യകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 3) ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക. | **വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക്** ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാന തലം മനസിലാക്കുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 4) പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു. | **പ്രകൃതി താണ്ഡവം: നേർക്കാഴ്ച** ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപ്പൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസിലാക്കുകയും അഗ്നിശമനസേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ Demonstration ക്ലാസുകൾ സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5) സഹജീവികളോട് സമഭാവന വളർത്തി എടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | **നന്മയുടെ നുറുങ്ങുവെട്ടം**<br>പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ, ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. മിതവ്യയ ശീലത്തിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സാധനസാമഗ്രികൾ ദുരന്തബാധിത പ്രദേശങ്ങളിൽ ആശ്വാസഹസ്തമാകുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | പി.ടി.എ |
| 6) വിവരവിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു. | **ചിലന്തിവലയിൽ നിന്ന് കുതിച്ചുചാട്ടം**<br>സാമൂഹ്യ ശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 7) സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു. | **കാടെവിടെ മക്കളെ ? (ഫീൽഡ് ട്രിപ്പ്, സർവ്വേ)**<br>പരിസ്ഥിതി ചർച്ചയ്ക്ക് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ, കണ്ടൽക്കാടുകൾ, തണ്ണീർ തടങ്ങൾ, ജലാശയങ്ങൾ, കാടുകൾ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |
| 8) സാമൂഹ്യ ശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശിയ നിലവാരത്തിലേക്ക് എത്തിക്കുന്നു. | **പുതുചക്രവാളത്തിലേക്ക്**<br>സിവിൽ സർവ്വീസ് പരീക്ഷകളെഴുതാൻ പ്രാപ്തി നേടും വിധം അറിവിന്റെ മാസ്മരികലോകം സൃഷ്ടിക്കുന്നു, മത്സരബുദ്ധിയോടെ പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ഉത്തരങ്ങൾ നിമിഷനേരം കൊണ്ടെന്ന രീതിയിലുള്ള ചോദ്യോത്തരവേളകൾ ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

**മേഖല 7**

**മേഖല : അക്കാദമികം**
**ഉപമേഖല : ഐ.ടി. അധിഷ്ഠിത പഠനത്തിലേക്ക്**

**ലക്ഷ്യങ്ങൾ**

എല്ലാ അദ്ധ്യാപകരെയും ഐ.ടി. അധിഷ്ഠിത ബോധനത്തിന് പ്രാപ്തമാക്കൽ

എല്ലാ കുട്ടികളെയും ഐ.ടി. സാക്ഷരരാക്കുക

ഐ.ടി. അധിഷ്ഠിത പഠനത്തിലൂടെ പഠനം രസകരവും ലളിതവുമാക്കുക

**പ്രവർത്തനങ്ങൾ**

അദ്ധ്യാപകർക്ക് 2 ദിവസത്തെ ഐ.ടി. പരിശീലനം

മലയാളം ഇംഗ്ലീഷ് ടൈപ്പ് ചെയ്യൽ

ഫയലുകൾ ഫോൾഡറുകളായി സൂക്ഷിക്കുന്നതിന്

സി.ഡി., ഡി.വി.ഡി., പെൻ ഡ്രൈവ് എന്നിവയിലേക്ക് കോപ്പി ചെയ്യൽ

പേജുകൾ സെറ്റ് ചെയ്യൽ പ്രിന്റ് എടുക്കൽ

ഫയൽ, ഓഡിയോ, വീഡിയോ എന്നിവ എഡിറ്റ് ചെയ്യൽ

ഉബൻഡുവിലെ കുട്ടികൾക്കുള്ള പ്രവർത്തനങ്ങൾ പരിചയപ്പെടുത്തൽ

പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട പ്രസന്റേഷനുകൾ തയ്യാറാക്കൽ

ഇന്റർനെറ്റ് ഉപയോഗിക്കുന്ന രീതികൾ

വിവരങ്ങൾ, ചരിത്രങ്ങൾ, ഓഡിയോ, വീഡിയോ എന്നിവ കണ്ടെത്തുന്നതിനും ഡൗൺലോഡ് ചെയ്തു സൂക്ഷിക്കുന്നതിനും

എൽ.സി.ഡി. പ്രൊജക്ടർ ഉപയോഗിക്കുന്ന വിധം

കുട്ടികൾക്ക് ഐ.ടി. പരിശീലനം

പഠനശാലകൾ ഐ.ടി. അധിഷ്ഠിതമായി അവതരിപ്പിക്കൽ

എല്ലാ പാഠങ്ങളുമായി ബന്ധപ്പെട്ട ഐ.ടി. വിഭവങ്ങൾ തയ്യാറാക്കുക.

**മേഖല 8**

**മേഖല : അക്കാദമികം**
**ഉപമേഖല : അനുഭവാധിഷ്ഠിത പഠനം ലാബിലൂടെ**

**ലക്ഷ്യങ്ങൾ**

- അനുഭവത്തിലൂടെയുള്ള പഠനത്തിന് അവസരം ഒരുക്കൽ
- പഠനം ലളിതവും രസകരവുമാക്കി മാറ്റൽ
- അറിവുനിർമ്മാണത്തിന് അവസരം സൃഷ്ടിക്കൽ
- സ്വയം പഠനത്തിനും സൃഷ്ടിപരതയ്ക്കും കൂടുതൽ പ്രാധാന്യം നൽകൽ

**പ്രവർത്തനങ്ങൾ**

- വിദ്യാലയത്തിൽ വിവിധ ലാബുകൾക്ക് പ്രത്യേക സ്ഥലം കണ്ടെത്തുക.

A ഭാഷാ ലാബ് സജ്ജമാക്കുക

- ഇംഗ്ലീഷ്/മലയാളം ഭാഷകൾ സ്വായത്തമാക്കുന്നതിനാവശ്യമായ ഉദ്ഗ്രന്ഥിത ലാബ്
- വിവിധതരം നോട്ടീസ്, പോസ്റ്റർ etc. ശേഖരിക്കുക പ്രദർശിപ്പിക്കുക.
- കഥകൾ, കവിതകൾ എന്നിവയുടെ ചാർട്ടുകൾ
- വിവിധതരം വസ്തുക്കളുടെ ചിത്രചാർട്ടുകൾ
- എല്ലാ വസ്തുക്കൾക്കും ഇംഗ്ലീഷ് / മലയാളം ലേബലുകൾ
- അക്ഷരങ്ങൾ ചിഹ്നങ്ങൾ എന്നിവ ഉറപ്പിക്കുന്നതിനുള്ള പഠനോപകരണങ്ങൾ
- വിവിധ ഭാഷകൾക്കാവശ്യമായ സൗകര്യങ്ങൾ ഒരുക്കുക (പാമ്പും
- ഗോവണി,അക്ഷരകാർഡ്, പദതംബോല etc.)
- മഹത് വചനങ്ങൾ എഴുതി പ്രദർശിപ്പിക്കുക
- കടങ്കഥകൾ, പഴഞ്ചൊല്ലുകൾ ഇവ എഴുതി പ്രദർശിപ്പിക്കുക.
- ചിത്രം വരയ്ക്കുവാനാവശ്യമായ സാമഗ്രികൾ (Crayons, Sketch, Brush, Water color etc)
- ഓഡിയോ, വീഡിയോ സിഡികൾ ഒരുക്കുക.
- പാഠഭാഗവുമായി ബന്ധപ്പെട്ട പ്രസന്റേഷൻസ്
- ലാപ്ടോപ്പ്
- ഭാഷാ ലൈബ്രറി

B ശാസ്ത്രലാബ് സജ്ജമാക്കിൽ

- ആവശ്യമായ സാമഗ്രികൾ, രാസവസ്തുക്കൾ പട്ടികയാക്കൽ
- ഓരോ യൂണിറ്റുമായി ബന്ധപ്പെട്ട് നിർവ്വഹിക്കേണ്ട ലഘുപരീക്ഷണങ്ങൾ, അവയ്ക്കാവശ്യമായ സാമഗ്രികൾ എന്നിവ മുൻകൂട്ടി പട്ടികയാക്കുക.
- കുട്ടികളുടെ പങ്കാളിത്തത്തോടെ പരീക്ഷണ സാമഗ്രികൾ ശേഖരിക്കുക.
- കുട്ടികൾക്ക് സ്വയം പരീക്ഷണം ചെയ്യാനാവും വിധം ക്ലബ് ക്രമീകരിക്കുക.
- Improvised apparatus കുട്ടികൾ, അദ്ധ്യാപകർ, മാതാപിതാക്കൾ എന്നിവർ ചേർന്ന് സംയുക്തമായി നിർമ്മിക്കുക.
- ശാസ്ത്രപഠനവുമായി ബന്ധപ്പെട്ട മോഡലുകൾ

- ജീവികൾ, ചെടികൾ, പൂക്കൾ എന്നിവയുടെ Specimens.
- ശാസ്ത്ര ലൈബ്രറി ഒരുക്കൽ
- ഗണിതശാസ്ത്ര ലാബ് തയ്യാറാക്കൽ
- അടിസ്ഥാന ഗണിതാശയ രൂപീകരണത്തിന് സഹായമായ സാമഗ്രികൾ പട്ടികയാക്കൽ.
- കുട്ടികളുടെ സഹായത്തോടെ ഇവ ശേഖരിക്കുക.
- ഓരോ യൂണിറ്റിലും ഗണിതാശയ രൂപീകരണത്തിനാവശ്യമായ സാമഗ്രികൾ ലിസ്റ്റ് ചെയ്യുക.
- ഗണിത കേളികൾക്കാവശ്യമായ സാധന സാമഗ്രികൾ തയ്യാറാക്കുക
  വിവിധ ക്രിയകൾ വ്യത്യസ്ത രീതിയിൽ ചെയ്യുന്നതിന്റെ പ്രക്രിയാ ചാർട്ടുകൾ
- ഗണിത കുസൃതി, പസിലുകൾ പ്രശ്നങ്ങൾ, കഥകൾ പാട്ടുകൾ
- തുടങ്ങിയവയുടെ ചാർട്ടുകൾ
- വിവിധ ജാമിതീയ നിർമ്മിതികൾ
- പ്രകൃതിയിലെ ഗണിതങ്ങൾ, ചിത്രങ്ങൾ
- ഗണിത ലൈബ്രറി

**മേഖല 9**

**മേഖല : അക്കാദമികം**
**ഉപമേഖല : പഠനമികവ്**

**ലക്ഷ്യങ്ങൾ**

- പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ ശരാശരി നിലവാരത്തിലെത്തിക്കൽ
- എല്ലാ കുട്ടികൾക്കും പഠന നേട്ടം ഉറപ്പാക്കൽ
- രക്ഷിതാവിന്റെ പങ്കാളിത്തം ഉറപ്പാക്കൽ
- കുട്ടികളിലെ അലസത മറികടക്കുക (കർമ്മജ്വാല)

**പ്രവർത്തനങ്ങൾ**

- പ്രീടെസ്റ്റ് നടത്തി പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തുന്നു.
- വിഷയാടിസ്ഥാനത്തിൽ കുട്ടികളെ തരംതിരിക്കുകയും ബന്ധപ്പെട്ട അധ്യാപകരുടെ നേതൃത്വത്തിൽ ക്ലാസ്സുകൾ നടത്തുകയും ചെയ്യുന്നു.
- കുട്ടികളുടെ സാമൂഹിക സാമ്പത്തിക കുടുംബ പശ്ചാത്തലം മനസ്സിലാക്കുക
- പഠനം മെച്ചപ്പെടുത്താൻ പ്രത്യേക മോഡ്യൂൾ തയ്യാറാക്കുക.
- രാവിലെ 9 മുതൽ 9.40 വരെയും വൈകുന്നേരം 3.35 മുതൽ 5 മണി വരെയും ക്ലാസുകൾ നടത്തുന്നു
- വാരാന്ത്യങ്ങളിൽ post test നടത്തി പഠന പുരോഗതി അറിയിക്കുക
- എല്ലാ മാസവും SRG കൂടി ആസൂത്രണം നടത്തുക.
- പഠനത്തിനാവശ്യമായ സാമഗ്രികൾ ലഭ്യമാക്കുക.
- SSG രൂപീകരണം
- എല്ലാമാസവും Unit test നടത്തുക.
- അടിസ്ഥാന ഗണിതാശയ രൂപീകരണത്തിന് സഹായമായ സാമഗ്രികൾ പട്ടികയാക്കൽ.

മേഖല 10

**മേഖല : അക്കാദമികം**
**ഉപമേഖല : അധിക ക്ലാസ്**

**ലക്ഷ്യങ്ങൾ**

- പഠിത്തത്തിൽ പിന്നോക്കം നിൽക്കുന്ന 10-ാം ക്ലാസ്സിലെ കുട്ടികൾക്ക് എല്ലാ വിഷയങ്ങൾക്കും കൊടുക്കുന്ന സ്പെഷ്യൽ കോച്ചിംഗ്.
- ആ കുട്ടികളെ മുൻനിരയിലേക്ക് കൊണ്ടുവരിക
- പഠനത്തിൽ താല്പര്യമുള്ളവരാക്കുക.
- മെച്ചപ്പെട്ട ഗ്രേഡുകൾ നേടാൻ സഹായിക്കുക.

**പ്രവർത്തനങ്ങൾ**

- ചോദ്യപ്പേപ്പറുകൾ പരിചയപ്പെടുത്തുകയും ഉത്തരങ്ങൾ കണ്ടെത്തി എഴുതിക്കുകയും ചെയ്യുന്നു
- ഗ്രൂപ്പുകൾ തിരിച്ച് പ്രവർത്തനങ്ങൾ നൽകുന്നു
- പ്രയാസമേറിയ പാഠഭാഗങ്ങൾ വീണ്ടും വീണ്ടും പഠിപ്പിക്കുന്നു
- വർക്ക് ഷീറ്റ് ചെയ്യുന്നു
- വീടുകളിൽ മോശമായ സാഹചര്യം ഉള്ളവർക്ക് തനിയെ ഇരുന്നു പഠിക്കാനും അവസരം

**മേഖല 11**

**മേഖല : അക്കാദമികം**
**ഉപമേഖല : ആരോഗ്യ വിദ്യാഭ്യാസം**

**ലക്ഷ്യങ്ങൾ**

- കുട്ടികളുടെ മാനസിക വളർച്ച ഉറപ്പുവരുത്തൽ
- മാനസിക വ്യായാമത്തിനുള്ള സംവിധാനങ്ങൾ സൃഷ്ടിക്കൽ
- എല്ലാ കുട്ടികളുടെയും ആരോഗ്യക്ഷമത ഉറപ്പാക്കൽ

**പ്രവർത്തനങ്ങൾ**

- എല്ലാ കുട്ടികൾക്കും ആരോഗ്യക്ഷമത ഉറപ്പാക്കൽ
- എല്ലാ ദിവസവും നിശ്ചിതസമയം ഓടാനും ചാടാനും എറിയാനും അവസരം ഒരുക്കൽ
- കായികക്ഷമതാ ഉപകരണങ്ങൾ വിദ്യാലയത്തിൽ സ്ഥാപിക്കൽ
- വിവിധ വ്യായാമ മുറകളിൽ പരിശീലനം
- ആഴ്ചയിലൊരിക്കൽ യോഗ പരിശീലനം
- ആഴ്ചയിലൊരിക്കൽ മോബ് ഡ്രിൽ

**മേഖല 12**

**മേഖല** : **അക്കാദമികം**
**ഉപമേഖല** : **പ്രവൃത്തി പരിചയ പഠനം**

**ലക്ഷ്യങ്ങൾ**

- പഠനത്തോടൊപ്പം വിവിധങ്ങളായ കൈത്തൊഴിലുകളിൽ പരിശീലനം
- പരിസര മലിനീകരണത്തിനു കാരണമായ പ്ലാസ്റ്റിക് പോലുള്ള വസ്തുക്കളുടെ ശാസ്ത്രീയ പുനരുപയോഗം.
- കുട്ടികളുടെ ചിന്ത, ഭാവന, എന്നിവ വികസിക്കാൻ അവസരം ഒരുക്കൽ

**പ്രവർത്തനങ്ങൾ**

- പ്രവൃത്തി പരിചയ ഇനങ്ങൾ ചെയ്യാൻ താല്പര്യമുള്ളവരുടെ പട്ടിക തയ്യാറാക്കൽ
- ഇവരെ പങ്കെടുപ്പിച്ച് വിദ്യാലയത്തിൽ ഏകദിന പരിശീലനം
- ഇവർക്ക് പരിശീലിപ്പിക്കാൻ കഴിയുന്ന ഇനങ്ങൾ, ആവശ്യമായ സാധനങ്ങൾ, പരിശീലനം നൽകാൻ കഴിയുന്ന തീയതികൾ എന്നിവയുടെ അടിസ്ഥാനത്തിൽ പരിശീലന പരിപാടി തയ്യാറാക്കുന്നു
- വിദഗ്ദരായ അധ്യാപകരെ ഉപയോഗപ്പെടുത്തി പരിശീലനം മികവുറ്റതാക്കൽ
- രക്ഷിതാക്കൾക്ക് താല്പര്യമുള്ള ഇനങ്ങളിൽ പരിശീലനം

മേഖല 13

**മേഖല : അക്കാദമികം**
**ഉപമേഖല : കലാവിദ്യാഭ്യാസം**

**ലക്ഷ്യങ്ങൾ**

- കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ കണ്ടെത്തുക.
- കലാഭിരുചി വളർത്തുക.
- ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവിന്റെ വികാസത്തിന് അവസരമൊരുക്കുക.
- ആധുനികശാസ്ത്രസാങ്കേതികവിദ്യാ സാധ്യതകൾ കലാപരിശീലനത്തിനായി പ്രയോജനപ്പെടുത്തുക.
.
- ഇതിനാവശ്യമായ കൃത്യമായ പ്രവർത്തനപദ്ധതികൾ ആവിഷ്ക്കരിക്കുക.

**പ്രവർത്തനങ്ങൾ**

- കലാപ്രവർത്തനങ്ങളിൽ പങ്കെടുക്കുവാൻ താല്പര്യമുള്ള കുട്ടികളുടെ പട്ടിക തയാറാക്കൽ.
- വിവിധ കലാപ്രവർത്തനങ്ങളിൽ അധിക സമയ പരിശീലനം നൽകുന്നു.
- വ്യത്യസ്തമായ മത്സരങ്ങളിൽ പങ്കെടുക്കുന്നതിനു അവസരം ഒരുക്കുന്നു.
- വിദഗ്ദരായ അധ്യാപകരെ ഉപയോഗപ്പെടുത്തി പരിശീലനം മികവുറ്റതാക്കൽ.
- രക്ഷിതാക്കൾക്ക് താല്പര്യമുള്ള ഇനങ്ങളിൽ പരിശീലനം.

## വിലയിരുത്തൽ

നിരന്തര വിലയിരുത്തൽ

സ്വയം വിലയിരുത്തൽ

പരസ്പരം വിലയിരുത്തൽ

ഓരോ പ്രവർത്തനങ്ങൾക്ക് ശേഷവും  അധ്യാപകർ കുട്ടികളെ വിലയിരുത്തുകയും Teaching manual-ൽ രേഖപ്പെടുത്തുകയും ചെയ്യുന്നു.

Unit Testകൾ നടത്തുകയും സ്കൂൾ തലത്തിലുള്ള പ്രത്യേക ഫോർമാറ്റ്-ൽ രേഖപ്പെടുത്തുകയും ചെയ്യുന്നു.

Termly Evaluation നടത്തുകയും Progress Report - ൽ രേഖപ്പെടുത്തി, ക്ലാസ് പി.റ്റി.എ. യിൽ വിലയിരുത്തുകയും ചെയ്യുന്നു.

SRG യിൽ വിലയിരുത്തുന്നു.

SSG, Cluster തല വിലയിരുത്തൽ നടത്തുന്നു.

10-ാം ക്ലാസിലെ കുട്ടികൾക്കു പ്രത്യേക പരിഗണന നല്കി, 34 പരീക്ഷ, മോഡൽ പരീക്ഷകൾ, ക്ലാസ് ടെസ്റ്റുകൾ തുടങ്ങിയവ നടത്തുന്നു.

പിന്നോക്കം നിൽക്കുന്ന 5,6,7,8 എന്നീ ക്ലാസിലെ കുട്ടികൾക്കായി പ്രത്യേക പദ്ധതി നടത്തുന്നു.

# ഉപസംഹാരം

സെന്റ് ജോർജ്ജ്സ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ ഈ നാടിന്റെ തന്നെ അഭിമാന സ്തംഭമായി ഇന്നും നിലനിൽക്കുന്നു. ഈ സ്കൂളിന്റെ സർവ്വതോന്മുഖമായ വളർച്ചയ്ക്ക് നേതൃത്വം നൽകുന്ന അഭിവന്ദ്യ പിതാക്കന്മാരെയും മാനേജ്മെന്റിനെയും എല്ലാ അധ്യാപക അനധ്യാപക സുഹൃത്തുക്കളെയും നന്ദിയോടെ സ്മരിക്കുന്നു. 2025 ൽ ശതാബ്ദി ആഘോഷിക്കുന്ന ഈ വിദ്യാലയ മുത്തശ്ശിക്ക് തനതായ ഒരു പാരമ്പര്യം ഉണ്ട്. കുട്ടികളുടെ സമ്പൂർണ്ണ വളർച്ച ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന ഈ സ്കൂളിൽ ഒത്തിരിയേറെ പുരോഗമന പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. എല്ലാറ്റിനും മാർഗ്ഗദീപമായി ഈ സ്കൂളിന്റെ മധ്യസ്ഥനായ സെന്റ് ജോർജ്ജ് പുണ്യാളന്റെ സംരക്ഷണവും പരിപാലനയും ഉണ്ട്. കാലാകാലങ്ങളിൽ ഈ സ്കൂളിനെ നയിച്ച എല്ലാ പ്രഥമാധ്യാപകരെയും നന്ദിയോടെ സ്മരിക്കുന്നു. ഇന്ന് ഈ സ്കൂളിനെ നയിച്ചുകൊണ്ടിരിക്കുന്ന മാനേജർ വെരി. റവ. ഫാ. സാബു മാലിത്തുരുത്തേൽ ന്റെയും ഹെഡ്മാസ്റ്റർ ബിനോയി കെ.എസ് ന്റെയും സഹകരണവും പ്രോത്സാഹനവുമാണ് എല്ലാവരെയും പാഠ്യപാഠ്യേതര വിഷയങ്ങൾ ഭംഗിയായി കൈകാര്യം ചെയ്യാൻ ഉത്തേജനം നൽകുന്നത്.

ഇന്നുവരെയുള്ള പ്രവർത്തനങ്ങളിൽ ഞങ്ങളെ കൈപിടിച്ചു നടത്തിയ സർവ്വശക്തനായ ദൈവത്തിനു നന്ദിപറഞ്ഞുകൊണ്ടും ഈ വിദ്യാലയ വികസനപദ്ധതി തയ്യാറാക്കാൻ പ്രയത്നിച്ച ഏവർക്കും നന്ദി പറഞ്ഞുകൊണ്ടും ഈ പദ്ധതി സമർപ്പിക്കുന്നു.